**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ്- 2023 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ് എഫ് സി-ബി) വകുപ്പ്**

**സ.ഉ. (സാധാ) നം.2930/2023/ധനം.** **തീയതി, തിരുവനന്തപുരം, 10/04/2023**

---

പരമർശം :- 1) സ. ഉ. (സാധാ) നം.8232/2022/ധന തീയതി: 05.12.2022
2) സ. ഉ. (സാധാ) നം.1364/2023/ധന തീയതി: 24.02.2023
3) സ. ഉ. (എം.എസ്) നം.133/2022/ധന തീയതി: 29.07.2022

## ഉത്തരവ്

സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിലെ **670055** ഗുണഭോക്താക്കൾക്ക് **2023** ജനുവരി മാസത്തിലെ പെൻഷൻ നൽകുന്നതിനായി **105,30,98,300/-രൂപയും 672553** ഗുണഭോക്താക്കൾക്ക് **2023** ഫെബ്രുവരി മാസത്തിലെ പെൻഷൻ നൽകുന്നതിനായി **105,63,12,500/-രൂപയും** ഉൾപ്പെടെ ആകെ **210,94,10,800/- രൂപ** ആവശ്യമാണെന്ന് ക്ഷേമനിധി ബോർഡുകൾ അറിയിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ധന സഹായം ഉപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമനിധി ബോർഡുകളിലെ **670065** ഗുണഭോക്താക്കൾക്ക് **2023** ജനുവരി മാസത്തിലെ പെൻഷൻ നൽകുന്നതിനായി **105,30,98,300/- രൂപയും,** 672553 ഗുണഭോക്താക്കൾക്ക് **2023** ഫെബ്രുവരി മാസത്തിലെ പെൻഷൻ നൽകുന്നതിനായി **105,63,12,500/- രൂപയും** ചേർത്ത് ആകെ **210,94,10,800/- രൂപ** (ഇരുന്നൂറ്റി പത്ത് കോടി തൊണ്ണൂറ്റി നാല് ലക്ഷത്തി പതിനായിരത്തി എണ്ണൂറ് രൂപ മാത്രം) അനുബന്ധത്തിൽ വിശദീകരിച്ചിട്ടുള്ള പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്നും അനുബന്ധത്തിൽ വിശദീകരിച്ചിട്ടുള്ള ക്ഷേമനിധി ബോർഡുകളുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട്/ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തുന്നു. ഈ പെൻഷൻ തുകയ്ക്കായി ക്ഷേമനിധി ബോർഡുകൾ ബന്ധപ്പെട്ട ഭരണവകുപ്പിന് പ്രത്യേകമായി നിർദേശം സമർപ്പിക്കേണ്ടതില്ല.

3. 2023 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ പെൻഷൻ (വാർദ്ധക്യകാല/ റിട്ടയർമെന്റ്) വിതരണം ചെയ്യുന്നതിന് മാത്രമേ ഈ തുക ഉപയോഗിക്കാൻ പാടുള്ളൂ. അവശതാ/കുടുംബ/ മറ്റ് പെൻഷൻ, കുടിശ്ശിക/മറ്റ് ആനുകൂല്യങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിന് പെൻഷൻ തുക ഉപയോഗിക്കാൻ പാടില്ല. കഴിഞ്ഞ മാസത്തെ പെൻഷൻ തുകയിൽ വിതരണം ചെയ്യാത്ത തുക യഥാസമയം തിരിച്ചടച്ചിട്ടില്ലാത്ത പക്ഷം സൂചന (3) - ലെ ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കുന്നതായിരിക്കും.

4. ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണം **2023 ഏപ്രിൽ 10** ന് ആരംഭിക്കേണ്ടതും **2023 ഏപ്രിൽ 20** -നകം വിതരണം പൂർത്തിയാക്കേണ്ടതുമാണ്. വിതരണം ചെയ്യാത്ത തുക കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരം ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള **110110801000251 നമ്പർ** (IFS Code KSBK0000101) അക്കൗണ്ടിൽ **2023 ഏപ്രിൽ 25** നകം തിരിച്ചടയ്ക്കുന്നുവെന്ന് എല്ലാ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരും ഉറപ്പ് വരുത്തേണ്ടതാണ്. ഈ സമയക്രമത്തിൽ വീഴ്ച വരുത്തുന്നത് സർക്കാർ ഗൗരവതരമായി വീക്ഷിക്കുന്നതാണ്.

5. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പെൻഷൻ വിതരണത്തിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതോടൊപ്പം ഗുണഭോക്താവ് ഒന്നിലധികം ബോർഡുകളിൽ നിന്നും ക്ഷേമനിധി പെൻഷൻ കൈപ്പറ്റുന്നില്ല എന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II ), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
എല്ലാ ക്ഷേമ നിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും
ധനകാര്യ(എസ്.എസ്/ബഡ്ജറ്റ്/ലേബർ/കൃഷി/വ്യയം/ഇൻഡ്&പിഡബ്ല്യു.എ ) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ *മീഡിയ വിഭാഗം,*
വിവര പൊതുജന സമ്പർക്ക വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്
(ഫയൽ നം. E-2412214/എസ്.എഫ്.സി.ബി3/23/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# അനുബന്ധം

(തുക രൂപയിൽ)

| | ക്ഷേമനിധി ബോർഡ് | ഗുണഭോക്താക്കളുടെ എണ്ണം (2023 ജനുവരി) | ഗുണഭോക്താക്കളുടെ എണ്ണം (2023 ഫെബ്രുവരി) | 2023 ജനുവരി മാസത്തേക്ക് അനുവദിക്കേണ്ട തുക | 2023 ഫെബ്രുവരി മാസത്തേക്ക് അനുവദിക്കേണ്ട തുക | **അനുവദിക്കേണ്ട എസ്.റ്റി.എസ്.ബി/ബാങ്ക്, ഐ.എഫ്.എസ്.സി, അക്കൗണ്ട് നമ്പർ** |
|---|---|---|---|---|---|---|
| 1 | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | 16237 | 16348 | 25979200 | 26156800 | 799011400005224, ജില്ലാ ട്രഷറി , തിരുവനന്തപുരം |
| 2 | കർഷക പെൻഷൻ | 252010 | 252010 | 403216000 | 403216000 | എസ് ബി ഐ വികാസ് ഭവൻ ശാഖ SBIN0070415, 38495089347 |
| 3 | മത്സ്യ തൊഴിലാളി | 68911 | 68911 | 110257600 | 110257600 | സബ് ട്രഷറി , തൃശൂർ,Special TSB A/c No. 713021400000017 |
| 4 | ക്ഷീര കർഷക പെൻഷൻ* | 56051 | 56402 | 72866300 | 73322600 | SBI, തിരുവനന്തപുരം സിറ്റി ശാഖ,SBIN0070028,67004044174 |
| 5 | ലോട്ടറി തൊഴിലാളി | 6000 | 6136 | 9600000 | 9817600 | ഫെഡറൽ ബാങ്ക് , സ്റ്റാച്യൂ ശാഖ, FDRL0001030, 10300100427691 |
| 6 | കയർ തൊഴിലാളി | 77738 | 78009 | 124380800 | 124814400 | IDBI , ആലപ്പുഴ ശാഖ, IBKL0000305, 0305104000115933 |
| 7 | ഖാദി തൊഴിലാളി | 575 | 579 | 920000 | 926400 | STSB:701011400000114 ജില്ലാ ട്രഷറി , തിരുവനന്തപുരം |
| 8 | ട്രേഡേഴ്സ് വെൽഫെയർ | 13098 | 13185 | 17027400 | 17140500 | 0089073000061281, South Indian Bank, Chalai , IFSC : SIBL0000089 |
| 9 | ചുമട്ടു തൊഴിലാളി | 4795 | 4805 | 7672000 | 7688000 | KLGB0040537, 40537101007480 |
| 10 | ആഭരണ തൊഴിലാളി | 847 | 860 | 1355200 | 1376000 | STSB: 799011400005233, ജില്ലാ ട്രഷറി , തിരുവനന്തപുരം |
| 11 | ചെറുകിട തോട്ടം തൊഴിലാളി | 727 | 731 | 1163200 | 1169600 | കാനറാ ബാങ്ക് ,കോട്ടയം ,CNRB0001523, 1523132000007 |
| 12 | ഈറ്റ കാട്ടു വള്ളി തഴ തൊഴിലാളി | 11024 | 11223 | 17638400 | 17956800 | സബ് ട്രഷറി , അങ്കമാലി, 711090100000664 |
| 13 | ബീഡി & സിഗാർ തൊഴിലാളി** | 3412 | 3426 | 5454200 | 5476600 | കേരള ബാങ്ക് കണ്ണൂർ KSBK0000014, 014120123003026 |
| 14 | തയ്യൽ തൊഴിലാളി | 88327 | 88944 | 141323200 | 142310400 | ഐ സി ഐ സി ഐ ,പട്ടം, ICIC0001177, 117701000668 |
| 15 | കൈത്തറി തൊഴിലാളി | 8990 | 9001 | 14384000 | 14401600 | കേരള ബാങ്ക്, മെയിൻ ബ്രാഞ്ച്, കണ്ണൂർ, 173512801000592 KSBK0001735 |
| 16 | കശുവണ്ടി തൊഴിലാളി*** | 62413 | 62676 | 99860800 | 100281600 | എസ് ബി ഐ ബീച്ച് റോഡ് , കൊല്ലം, SBIN0070279, 57005949949 |
| | ആകെ | 670065 | 672553 | 1053098300 | 1056312500 | |
| | | | ആകെ തുക | 2109410800 | | |

*ഒരു ഗുണഭോക്താവിന് 1,300 രൂപ നിരക്കിൽ

**5 പേർക്ക് 600 രൂപ നിരക്കിൽ